**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3163** **11-03-2025 - ൽ മറുപടിയ്ക്ക്**

**ബീച്ച് ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബീച്ച് ടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) | സംസ്ഥാനത്ത് ബീച്ചുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് മുൻഗണന നൽകുന്നതിനും ബീച്ച് ടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനും വ്യത്യസ്ഥ പദ്ധതികൾ നടപ്പിലാക്കുന്നു. ബീച്ചുകളെ ലോകോത്തര നിലവാരത്തിൽ ഉയർത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ബീച്ചുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുകയും ആകർഷകമാക്കുകയുമാണ് ചെയ്യുന്നത്. ബീച്ച് സാഹസിക പരിപാടികളും ഒരുക്കി വരുന്നു. സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ബീച്ചുകളോട് അനുബന്ധിച്ച് ഹോസ്പിറ്റാലിറ്റി സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നു. കോഴിക്കോട് ജില്ലയിലെ കാപ്പാട് ബീച്ചും കണ്ണൂർ ജില്ലയിലെ അഴീക്കോട് ചാൽ ബീച്ചും ബ്ലൂഫ്ലാഗിന് അർഹമായത് ബീച്ച് ടൂറിസം മേഖലയിലെ അംഗീകാരമാണ്.<br><br>ബീച്ച് ടൂറിസം വികസനത്തിന്റെ ഭാഗമായി കേരളത്തിലെ പ്രധാന ബീച്ച് ഡെസ്റ്റിനേഷനുകളായ കോവളം, വർക്കല, കാപ്പിൽ, മുനമ്പം, ചാവക്കാട്, കോഴിക്കോട്, ബേക്കൽ എന്നീ ബീച്ചുകളിൽ, സ്വകാര്യ സംരംഭകരും ഡിടിപിസി-യും ചേർന്ന് അഡ്വഞ്ചർ ആക്റ്റിവിറ്റികൾ നടത്തിവരുന്നു. കൂടാതെ ബേപ്പൂർ ഉൾപ്പടെ വിവിധ ബീച്ചുകളിൽ ബീച്ച് ഫെസ്റ്റുകൾ സംഘടിപ്പിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ ഗോദീശ്വരത്ത് സംസ്ഥാന സാഹസിക വിനോദസഞ്ചാരത്തിന്റെയും ഉത്തരവാദിത്ത ടൂറിസം മിഷന്റെയും നേതൃത്വത്തിൽ സർഫിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ യുവാക്കൾ എം/എസ് യൂത്ത് എംപവർമെന്റ് ആൻഡ് വെൽഫെയർ സൊസൈറ്റി എന്ന പേരിലുള്ള സർഫിംഗ് സ്കൂൾ ആരംഭിച്ചു. കൂടാതെ 2016-ന് ശേഷം ടൂറിസം വകുപ്പ് വികസന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തിയ ബീച്ചുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കോവളം , ശംഖുമുഖം , വർക്കല , കാപ്പിൽ , പെരുമാതുറ , കൊല്ലം , താന്നി , തോട്ടപ്പള്ളി , അർത്തുങ്കൽ , മുനമ്പം , കുഴിപ്പിള്ളി , ചാവക്കാട് , സ്നേഹതീരം , താനൂർ ,പടിഞ്ഞാറേക്കര , ബേപ്പൂർ , ഗോദീശ്വരം , കാപ്പാട് , തിക്കോടി , ചാലിയം, സാൻഡ് ബാങ്ക്സ്, വടകര , മുഴപ്പിലങ്ങാട് , പയ്യാമ്പലം, പള്ളിക്കര, ബേക്കൽ , കാഞ്ഞങ്ങാട് , കൈറ്റ് ബീച്ച് .<br><br>ഇതുകൂടാതെ DTPC-കളുടെ നേതൃത്വത്തിലും വിവിധ വികസന പദ്ധതികൾ ബീച്ച് ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ബീച്ച് ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നു. |
| (ബി) | അഴീക്കോട് മണ്ഡലത്തിലെ അഴീക്കൽ ബീച്ചിൽ ഇത്തരത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ടൂറിസം സാധ്യതയ്ക്ക് അനുസൃതമായിട്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തീരുമാനം വകുപ്പ് കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ